കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തിരൂർ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഒാഡിറ്റ് കാര്യാലയം മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.4/1274/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തീയതി. 5-11-20

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തിരൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : തിരൂർ ബ്ലോക്ക് പഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മിഷണർ (ജനറൽ ) / (പെർഫോമൻസ് ഓഡിറ്റ് )

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.എം.പി.എം.4/1274/20 തിയ്യതി: 5-11-2020

## മലപ്പുറം ജില്ലയിലെ തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 07.03.2019 മുതൽ 13.09.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് ആണ് മറുപടി ലഭിച്ചത്. ഓഡിറ്റ് എൻക്വയറികൾക്ക് ലഭിച്ച മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഷാജഹാൻ എ.എസ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.09.2020 മുതൽ 22.09.2020 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. മുഹമ്മദ് അലി എം | ഓഡിറ്റ് ഓഫീസർ |
| ശ്രീ. അഷ്റഫ് കെ.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് സിയാദ് പി.പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. ഇദ്‌രീസ് അബ്ദുള്ള എ.സി | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ആർ.കെ ഹഫ്സത്ത് | 01-04-2018 മുതൽ 01-10-2018 വരെ |
| | അഡ്വ. പി നസറുള്ള | 02-10-2018 മുതൽ 24-10-2018 വരെ |
| | ശ്രീമതി. ദിൽഷ മൂലശ്ശേരി | 25-10-2018 മുതൽ 31-03-2019 വരെ |
| സെക്രട്ടറി | ശ്രീമതി. ആതിര | 01-04-2018 മുതൽ 31-03-2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| എ.ഇ.ഇ | ശ്രീമതി. സജിത എ | 01.04.18 മുതൽ 31.03.19 വരെ |
| അസി.എഞ്ചിനിയർ | ശ്രീമതി. സിനു എൻ | 01.04.18 മുതൽ 31.03.19 വരെ |
| സി.ഡി.പി.ഒ | ശ്രീമതി.രമ.ഒ.പി | 01.04.18 മുതൽ 31.03.19 വരെ |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| എ.ഡി.എ (കൃഷി) | ശ്രീ.രാജേഷ് കുമാർ.എസ്. | 01.04.18 മുതൽ 10.10.18 FN വരെ |
| | ശ്രീമതി. മിനി സി | ~~10.10.18 AN മുതൽ 29.10.18FN വരെ~~ |
| | ശ്രീ. അബ്ദുൾ റസാക്ക് | 29.10.18 AN മുതൽ 19.03.2019 FN വരെ |
| | ശ്രീമതി.ബീന എസ് | 19.03.2019 AN മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | ഡോ.മുജീബ് റഹ്മാൻ | 01.04.18 മുതൽ 10.10.18 വരെ |
| | ഡോ.അബ്ദുൾ ജലീൽ വി | 11.10.18 മുതൽ 31.03.19 വരെ |
| വ്യവയായ വികസന ഓഫീസർ | ശ്രീ.വിനോദ്.വി | 01.04.18 മുതൽ 08.10.18 FN വരെ |
| | ശ്രീ.ഹരി എ | 08.10.18 AN മുതൽ 31.03.19 വരെ |
| എസ്.സി.ഡി.ഒ | ശ്രീ. വേലായുധൻ സി | 01.04.18 മുതൽ 28.09.18 വരെ |
| | ശ്രീമതി. ബിന്ദു വി.ആർ | 29.09.18 മുതൽ 20.02.19 FNവരെ |
| | ശ്രീ. മനോജ് കുമാർ | 20.02.19 AN മുതൽ 31.03.19 വരെ |
| ഡി.ഇ.ഒ | ശ്രീ.അബ്ദുൾ മഹറൂഫ്. | 01.04.2018 മുതൽ 31.03.2019 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ഭിന്നശേഷിക്കാർക്ക് സ്കൂട്ടർ വിതരണം: അപാകതകൾ | 1-12 |
| 13 | മരുന്നുകൾ ലഭ്യമായിട്ടില്ല | 1-13 |
| 14 | എസ് സി കോളനികളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റുകൾ: അപാകതകൾ | 1-14 |
| 15 | വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രമില്ലാതെ മെറിറ്റോറിയസ് സ്കോളർഷിപ്പ് നല്കിയത് | 1-15 |
| 16 | SC വിദ്യാർത്ഥികൾക്ക് പഠന മുറി-നിർമാണം പൂർത്തിയാക്കിയില്ല | 1-16 |
| 17 | കെട്ടിടങ്ങളുടെ വാടക -അപാകതകൾ | 1-17 |
| 18 | കർഷക ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട്- തുക കൈപ്പറ്റിയ ഗ്രൂപ്പുകൾ തിരിച്ചടവിൽ വീഴ്ച വരുത്തി- തുടർ നടപടികൾ സ്വീകരിച്ചില്ല. | 1-18 |
| 19 | സ്ഥിരം ഡ്രൈവറുള്ള ഔദ്യോഗിക വാഹനത്തിനും ദിവസ വേതനക്കാരെ വെക്കുന്നു. | 1-19 |
| 20 | ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ വാഹന റിപ്പയർ -നടപടി ക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല | 1-20 |
| 21 | ഭിന്നശേഷി സ്കോളർഷിപ്പ്- ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകിയത് - വിനിയോഗ സാക്ഷ്യപത്രം | 1-21 |

| | | |
|---|---|---|
| | ലഭ്യമാക്കിയില്ല | |
| 22 | ബ്ലോക്ക് ഓഫീസിലേക്ക് കമ്പ്യൂട്ടർ/പ്രിന്റർ വാങ്ങൽ - സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചില്ല | 1-22 |
| 23 | പാലിയേറ്റീവ് പരിരക്ഷ- ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകിയത് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-23 |
| 24 | പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല | 1-24 |
| | ഭാഗം 2<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 25 | ഇല്ല | |
| | ഭാഗം 3<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 26 | പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല | 3-1 |
| | ഭാഗം 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 27 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 28 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 29 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം | 4-3 |
| 30 | മൊബൈലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 31 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 33 | ഓഡിറ്റ് റിക്കവറി | 4-7 |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 35 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 37 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |


## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

1-1 ബജറ്റ്

| | |
|---|---|
| 2018-19 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | 01/26.03.2018 |
| പുതുക്കിയ ബജറ്റ് തീരുമാന നം./തിയ്യതി | - |

1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 14.06.2019 |

1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 21879878 |
| വരവ് | 98785930 |
| ആകെ | 120665808 |
| ചെലവ് | 107177647 |

| | |
|---|---|
| നീക്കിബാക്കി | 13488161 |

1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 45921000 | 45921000 | 41789911 | 4131089 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 11727000 | 11727000 | 7567761 | 4159239 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 529000 | 529000 | 0 | 529000 |
| എം.ജി (N.R) | 0 | 4928000 | 4928000 | 3740201 | 1187799 |
| ട്രഷറി ടി.എസ്.ബി | 915529 | 8324361 | 9239890 | 5232448 | 4007442 |
| PYKKA | 37099 | 1315 | 38414 | 0 | 38414 |
| SMGB-TSC | 2110897 | 266207 | 2377104 | 189678 | 2187426 |
| PMAY-SC | 5359532 | 175054 | 5534586 | 1772400 | 3762186 |
| PMAY share | 9421886 | 6895802 | 16317688 | 15113030 | 1204658 |
| TSB-jointventure | 1123700 | 26562300 | 27686000 | 25740851 | 1945149 |
| കനറാ ബാങ്ക് PT share-7094 | 2506888 | -- | 2506888 | 2198794 | 308094 |
| ബാങ്ക് ഓഫ് ഇന്ത്യ GST | -- | 34792 | 34792 | -- | 34792 |

1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 88 | 124084456 | 79 | 54523267 | 7 | 2 | 89.8 % |

<u>പാതി വഴിയിൽ ഉപേക്ഷിച്ച് പാഴ്ച്ചെലവായ പദ്ധതികൾ</u>

ഇല്ല

1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

1-7 ക്ഷേമ പദ്ധതികൾ

ഇല്ല

1-8 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.09.2020 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പണം നീക്കിയിരിപ്പ് ഉണ്ടായിരുന്നില്ല.

1-9 ആഭ്യന്തര നിയന്ത്രണം

മാസ്റ്റർ ഇൻകുമ്പൻസി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല. വാടക രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.02.2020 | 01.08.2018 മുതൽ 31.01.2020 വരെ | റിപ്പോർട്ട് ലഭിച്ചില്ല. |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22-08-2016 മുതൽ 25-08-2016 വരെ | 01-10-2014 മുതൽ<br>31-07-2016 വരെ | 26-09-2016 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1. Rent Receivable from Buildings 2017-18 വർഷത്തെ വാർഷിക കണക്ക് B-15 പ്രകാരം കുടിശ്ശികയുള്ള 12000 രൂപയിൽ 2018-19 വർഷത്തെ വാർഷിക കണക്കിൽ വരവായി 7710 രൂപ വന്നത് കഴിച്ച് 4290രൂപ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. സംയുകത പ്രൊജക്റ്റുകൾക്കായി ലഭിച്ച തുകയുടെ വിശദാംശങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. Development Fund General ഇനത്തിൽ ചെലവഴിച്ച തുക താഴെ കാണും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| AFS പ്രകാരം | ACR പ്രകാരം | വ്യത്യാസം |
|---|---|---|
| 41777185 | 41789911 | 12726 |

## 1-12 ഭിന്നശേഷിക്കാർക്ക് സ്കൂട്ടർ വിതരണം: അപാകതകൾ

പ്രൊജക്റ്റ്: ഭിന്നശേഷിക്കാർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ

പ്രൊജക്റ്റ് നമ്പർ 20/2018-19 (സേവന മേഖല)
ഫണ്ടിനം – പൊതു വിഭാഗം സാധാരണ വിഹിതം (വികസന ഫണ്ട്)

ചെലവു തുക 7,88,000

ബിൽ നമ്പർ

5/18-19/28.9.18-468000

16/18-19/19.3.19-320000

സിഡിപിഒ നിർവഹണം നടത്തിയ മേൽ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള വിവിധ പഞ്ചായത്തുകളിലെ അംഗപരിമിതരായ ഗുണഭോക്താക്കൾക്കായി സൈഡ് വീലോടു കൂടിയ 10 ഇരുചക്ര വാഹനങ്ങൾ (മോഡൽ:ഹീറോ മെസ്ട്രോ) വിതരണം ചെയ്തിട്ടുണ്ട്

എന്നാൽ താഴെ കാണുന്ന ഗുണഭോക്താക്കളുടെ വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ലൈസൻസ് തുടങ്ങിയവ ഫയലിൽ ഇല്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|
| 1. | ശരീഫ കെ<br>കണ്ടാട്ടിൽ വീട്, കുട്ടായി | രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ലൈസൻസ് |
| 2. | കുഞ്ഞുട്ടി, വടക്കുംപറമ്പിൽ<br>പൊയിലിശേരി | ലൈസൻസ് |
| 3. | തൗഫീഖ് ടി., തോട്ടുങ്ങൽ<br>കുട്ടായി | രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ലൈസൻസ് |
| 4. | ആദം പി, പാലിയത്ത്<br>തിരുനാവായ | ലൈസൻസ് |
| 5. | റോഷ്നി കെ<br>കൊടക്കാട്ടിൽ, മംഗലം | രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ലൈസൻസ് |
| 6. | ബിന്ദു പി, ആശാരിപ്പറമ്പിൽ<br>തൃപ്രങ്ങോട് | രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് |

ഗുണഭോക്താക്കളുമായി ചമച്ചിട്ടുള്ള കരാർ പ്രകാരം വാഹനം കൈപ്പറ്റി 45 ദിവസത്തിനകം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ലൈസൻസ് എന്നിവ ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ ലേണേഴ്സ് ലൈസൻസിനായുള്ള അപേക്ഷയുടെ പകർപ്പാണ് ഫയലിൽ ഉള്ളത്. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 12/22.09.2020 ന് മറുപടി ലഭ്യമായിട്ടില്ല. അപാകത പരിഹരിച്ചതിന്റെ വിശദാംശം റെക്ടിഫിക്കേഷൻ റിപ്പോർട്ടിൽ അറിയിക്കേണ്ടതാണ്. 6 പേർക്കുള്ള സ്കൂട്ടറിന്റെ വിലയായ 4,72,800 രൂപ (6x78800) തടസത്തിൽ വെക്കുന്നു.

## 1-13 മരുന്നുകൾ ലഭ്യമായിട്ടില്ല

വെട്ടം മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നിർവഹണം നടത്തിയ "വെട്ടം, പുറത്തൂർ സി.എച്ച്.സികളിലേക്ക് മരുന്നുകൾ വാങ്ങൽ (പ്രൊജക്ട് നം.09-2018-19, അടങ്കൽ 8,00,000)" എന്ന പദ്ധതിയുടെ ഭാഗമായി താഴെപ്പറയും പ്രകാരം 4,12,151 രൂപ ചെലവഴിച്ചിട്ടുണ്ട്. നല്കിയ തുകയുടെ വിവരങ്ങൾ :

| ക്രമ നം. | മരുന്നിനായി നല്കിയ തുക, ഫണ്ടിനം | ബിൽ/ചെക്ക് നമ്പർ/ തിയ്യതി |
|---|---|---|
| 1 | 2,00,000 (MG (NR) | ബിൽ നം. 18/18-19 തി.17.12.2018 |
| 2 | 1,12,15 ഗ്രാമ പഞ്ചായത്ത് വിഹിതം | ചെക്ക് നമ്പർ 3077714 തി. 5.1.2019 |
| 3 | 10,00,00 ഗ്രാമ പഞ്ചായത്ത് വിഹിതം | ചെക്ക് നമ്പർ 3077720 തി. 25.3.2019 |
| ആകെ | 4,12,151 | |

എന്നാൽ മേൽ തുകയിലെ താഴെ കാണുന്ന ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നും ലഭ്യമായ വിവരങ്ങൾ മാത്രമാണ് ഓഡിറ്റിനു ഹാജരാക്കിയിട്ടുള്ളത്.

| ഇൻവോയ്സ് | തുക |
|---|---|
| 1212/12.11.2019 | 2653 |
| 5828/2.8.2018 | 72076 |
| 8222/12.11.2019 | 51137 |
| 4748/31.7.2019 | 98307 |
| 2280/12.5.2020 | 84794 |
| ആകെ | 308967 |

ലഭ്യമായ മരുന്നുകളുടെ സ്റ്റോക്ക്-വിതരണ-ബാലൻസ് വിവരം പരിശോധിക്കാനായി സ്റ്റോക്ക് റജിസ്റ്റർ ഹാജരാക്കിയിട്ടില്ല. കൂടാതെ വെട്ടം സി.എച്ച്.സിക്ക് പുറമെ പുറത്തൂർ സി.എച്ച്.സി യിലേക്ക് കൂടി മരുന്നുകൾ ലഭ്യമാക്കാൻ വിഭാവനം ചെയ്യുന്ന മേൽ പദ്ധതിയിൽ പുറത്തൂർ സി.എച്ച്.സിയിലേക്ക് വിതരണം ചെയ്ത മരുന്നുകളുടെ വിവരങ്ങളോ ആയതിന്റെ കൈപ്പറ്റ് വിവരങ്ങളോ പരിശോധിക്കാൻ യുക്തമായ രേഖകളും ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. മറുപടി നല്കേണ്ടതും ശേഷിക്കുന്ന 1,03,184 രൂപയുടെ (412151-308967) മരുന്നുകൾ ലഭ്യമായതിന്റെ വിശദാംശങ്ങൾ/ ലഭ്യമാക്കാൻ സ്വീകരിച്ച നടപടി വിവരങ്ങൾ അറിയിക്കേണ്ടതുമാണെന്നറിയിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ. 11/22.09.2020 ന് മറുപടി ലഭ്യമായിട്ടില്ല. അപാകത പരിഹരിച്ചതിന്റെ വിശദാംശം റെക്ടിഫിക്കേഷൻ റിപ്പോർട്ടിൽ അറിയിക്കേണ്ടതാണ്. 412151 രൂപ തടസത്തിൽ വെക്കുന്നു.

## 1-14 എസ് സി കോളനികളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റുകൾ: അപാകതകൾ

പ്രൊജക്ട്: എസ് സി കോളനികളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റുകൾ (എസ്.സി.പി. ഫണ്ട്)

പ്രൊജക്ട് നമ്പർ 24/2018/19, ചെലവു തുക:1487500 (അടങ്കൽ-2975800) (സേവന മേഖല)

ബിൽ നമ്പർ

1/18-19 തി 9.11.18-595000

8/18-19/19.3.19-892500

എസ് സി ഡി ഒ നിർവഹണം നടത്തിയ മേൽ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ പഞ്ചായത്തുകളിലെ എസ് സി കോളനികളിൽ 35 സോളാർ മിനി മാസ്റ്റ് സ്ഥാപിക്കാനാണ് വിഭാവനം ചെയ്തത്. പദ്ധതിയിൽ താഴെ കാണുന്ന കോളനികളിൽ സോളാർ മിനി മാസ്റ്റ് സ്ഥാപിച്ച രേഖകളോ ആയതിന്റെ പേമെന്റ് വിവരങ്ങളോ ലഭ്യമായിട്ടില്ല.

| ക്രമ നമ്പർ | കോളനി | പഞ്ചായത്ത് |
|---|---|---|
| 1. | പള്ളിക്കടവ് എസ് സി കോളനി | പുറത്തൂർ |
| 2. | മുനമ്പം എസ് സി കോളനി | “” |
| 3. | മുട്ടന്നൂർ എസ് സി കോളനി | “” |
| 4. | മേടമ്മൽ എസ് സി കോളനി | “” |
| 5. | പടിഞ്ഞാറേക്കര എസ് സി കോളനി | തൃപ്രങ്ങോട് |
| 6. | കറുത്തേടത്ത് പടി എസ് സി കോളനി | “” |

കൂടാതെ ഓഡിറ്റിനായി ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ, സോളാർ മിനി മാസ്റ്റ് സ്ഥാപിക്കാനായി തെരെഞ്ഞെടുക്കപ്പെട്ട ലിസ്റ്റിൽ പെട്ട തൃപ്രങ്ങോട് പഞ്ചായത്തിലെ കറുത്തേടത്ത്പടി എസ് സി കോളനിയിൽ സ്ഥാപിക്കേണ്ടിയിരുന്ന (ക്രമ നം.6) മിനി മാസ്റ്റ് പ്രസ്തുത സ്ഥലത്തിനു പകരം കോളനിയുടെ പരിധിയിൽ പെടാത്ത മറ്റൊരിടത്താണ് സ്ഥാപിച്ചിട്ടുള്ളത്. പദ്ധതിയിൽ നിന്നും വ്യതിചലിച്ച് സോളാർ മാസ്റ്റ് സ്ഥാപിച്ചതിനെ സാധൂകരിക്കുന്ന അനുമതി ഉത്തരവുകളോ, നിർദിഷ്ട കോളനിയിലേക്ക് മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളോ ലഭ്യമാക്കേണ്ടതും, ശേഷിക്കുന്ന എസ്.സി കോളനികളിൽ സോളാർ മിനി മാസ്റ്റ് സ്ഥാപിച്ച രേഖകളും ആയതിന്റെ പേമെന്റ്/രശീതി വിവരങ്ങളും ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ. 14/22.09.2020 ന മറുപടി ലഭ്യമായിട്ടില്ല. അപാകത പരിഹരിച്ചതിന്റെ വിശദാംശം റെക്ടിഫിക്കേഷൻ റിപ്പോർട്ടിൽ അറിയിക്കേണ്ടതാണ്. 6 സോളാർ മിനി മാസ്റ്റുകളുടെ ചെലവു തുകയായ 5,10,000 (6x85000) രൂപ തടസത്തിൽ വെക്കുന്നു.

## 1-15 വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രമില്ലാതെ മെറിറ്റോറിയസ് സ്കോളർഷിപ്പ് നല്കി

പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ SC വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ധനസഹായം (പ്രൊജക്ട് നമ്പർ 11/18-19) എന്ന പദ്ധതിയിൽ താഴെ പറയുന്ന വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് ഇതേ ആനുകൂല്യം തൻവർഷം പട്ടികജാതി വികസന വകുപ്പിൽ ലഭ്യമായിട്ടില്ല എന്ന സാക്ഷ്യപത്രമില്ലാതെയാണ് സ്കോളർഷിപ്പ് അനുവദിച്ചിട്ടുള്ളത്. ആകെ അടങ്കൽ തുകയായ 7,00,000(SCP) രൂപയിൽ 4,70,000/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ചെലവു വിശദാംശം

| ക്രമ നമ്പർ | ബിൽ നമ്പർ/തിയതി | തുക |
|---|---|---|
| 1. | 03/18-19 തി. 30.11.18 | 200000 |
| 2. | 05/18-19 തി. 21.12.18 | 80000 |
| 3. | | |

| | | |
|---|---|---|
| | 07/18-19 തി. 19.03.19 | 140000 |
| 4. | 11/18-19 തി. 21.03.19 | 50000 |
| | ആകെ | 470000 |

അപേക്ഷകരുടെ വിശദാംശങ്ങൾ

| ക്രമ നം. | പേരും മേൽവിലാസവും | പഠിക്കുന്ന കോഴ്സ് | അനുവദിച്ച തുക |
|---|---|---|---|
| 1. | കാവ്യ കെ എം<br>കായൽമഠത്തിൽ വീട് തിരുന്നാവായ | ബി ടെക്ക് | 25000 |
| 2. | സൂര്യ കെ കൊളശ്ശേരി വീട്, മുട്ടന്നൂർ | എൽഎൽബി | 15000 |
| 3. | അഞ്ചന ദാസ് എം പി<br>മണ്ണാൻപുരക്കൽ വീട്, മുട്ടന്നൂർ പിഒ | ബി.എ എക്കണോമിക്സ് | 20000 |
| 4. | ഹർഷ എം, മേടമ്മൽ വീട്, കൊടക്കൽ പിഒ തിരുന്നാവായ | ബി.എ ഇംഗ്ലീഷ് | 20000 |
| 5. | കൃഷ്ണപ്രിയ എം പി അങ്കത്തിൽപടി വീട് കൊടക്കൽ | ബി.കോം | 20000 |
| 6. | അശ്വതി കെ പി കാഞ്ഞിരപറമ്പിൽ വീട് പൊയ്ലിശ്ശേരി പിഒ തൃപ്രങ്ങോട് | ബി.എസ്.സി | 20000 |
| 7. | ശ്രീഷ പി പി പുത്തൻപൂയ്ക്കൽ വീട് ചേന്നര മംഗലം | ബി.എസ്.സി | 20000 |
| 8. | രാധിക സി പി ചുണ്ടയിൽപടി, വെങ്ങാലൂർ തലക്കാട് | ബി.കോം | 20000 |
| 9. | സ്നേഹ പടാട്ടിൽ പറമ്പിൽ, മാങ്ങാട്ടിരി | ബി.കോം | 20000 |
| 10. | ബിൻസി ചങ്ങമ്പള്ളികിഴക്കേതിൽ, തിരുന്നാവായ | ബി.എസ്.സി നഴ്സിംഗ് | 15000 |
| 11. | റിതു സെന തട്ടാരൊടിയിൽ വീട് തെക്കൻകുറ്റൂർ | ബി.ഡി.എസ് | 30000 |
| 12. | ജിൽഷ , കറുത്താരപ്പടി വീട് ബി പി അങ്ങാടി | ബി.എ ഇംഗ്ലീഷ് | 20000 |
| 13. | ദൃശ്യ കെ പി കളത്തുംപറമ്പിൽ വീട്<br>തിരുന്നാവായ | ബി.എ | 20000 |
| 14. | അഞ്ചല എ.വി അഴകത്ത് വളപ്പിൽ വീട്<br>തിരുന്നാവായ | ബി.എസ്.സി | 20000 |
| 15. | ദിൽന എം, മേപ്പാടത്ത് വീട്, തൃപ്രങ്ങോട് | ബി.എസ്.സി | 50000 |
| | ആകെ | | 335000 |

ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ. 7/22.09.2020 ന മറുപടി ലഭ്യമായിട്ടില്ല.അപാകത പരിഹരിച്ച് വിശദാംശം റെക്ടിഫിക്കേഷൻ റിപ്പോർട്ടിൽ അറിയിക്കേണ്ടതാണ്. 335000 രൂപ തടസത്തിൽ വെക്കുന്നു.

## 1-16 SC വിദ്യാർത്ഥികൾക്ക് പഠന മുറി-നിർമ്മാണം പൂർത്തിയാക്കിയില്ല

പ്രൊജക്ട് നം.12/2018-19

SC വിദ്യാർത്ഥികൾക്ക് പഠന മുറി, സേവന മേഖല

അടങ്കൽ 48,00,000 (പ്ലാൻ.SCP)

ചെലവ് വിവരങ്ങൾ

| ക്രമ നമ്പർ | ബിൽ നമ്പർ/തിയതി | തുക |
|---|---|---|
| 1. | 02/18-19 തി. 30.11.18 | 700000 |

| | | |
|---|---|---|
| 2. | 04/18-19 തി. 29.12.18 | 300000 |
| 3. | 06/18-19 തി. 19.03.19 | 150000 |
| 4. | 09/18-19 തി. 19.03.19 | 1229000 |
| 5. | 10/18-19 തി. 21.03.19 | 50000 |
| 6. | 12/18-19 തി. 26.03.19 | 150000 |
| | ആകെ ചെലവ് | 25,79,000 |

പട്ടികജാതി വികസന ഓഫീസർ നിർവഹണം നടത്തിയ മേൽ പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ അഡ്വാൻസ് തുക കൈപറ്റിയ ഗുണഭോക്താക്കളിൽ താഴെ കൊടുക്കുന്നവരുടെ പഠന മുറി നിർമാണം പൂർത്തിയാക്കുകയോ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും പഠന മുറി നിർമ്മിച്ചതിന്റെ വാല്യേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ അവർക്ക് അവസാന ഗഡു ധനസഹായം കൈമാറുകയോ ചെയ്തതായി കാണുന്നില്ല.

വിശദാംശം

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര്, വിലാസം | കൈപ്പറ്റിയ ധനസഹായം |
|---|---|---|
| 1. | അഞ്ജലി ഐപി, D/O ശിവരാമൻ, ചേന്നര | 50000 |
| 2. | രാഹുൽ കൃഷ്ണ വി പി, S/O ബാലകൃഷ്ണൻ, ആലത്തിയൂർ | 195000 |
| 3. | ഐശ്വര്യ കെ., D/O കൃഷ്ണൻ കെ., പൊയ്‌ലിശ്ശേരി | 199967 |
| 4. | അലീന സി.ടി., D/O ധന്യ പി, മുട്ടന്നൂർ | 100000 |
| 5. | നവ്യ എ കെ., D/O കുമാരൻ, കൊടക്കൽ | 115000 |
| 6. | വിവേക് കെ.ഇ., D/O പാർവതി, കൊടക്കൽ | 199804 |
| 7. | അനന്തു ടി ഷാജി, പെരുന്തുരുത്തി, ചേന്നര | 100000 |
| | ആകെ | 959771 |

വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ. 15/22.09.2020 ന മറുപടി ലഭ്യമായിട്ടില്ല. അപാകത പരിഹരിച്ചതിന്റെ വിശദാംശം റെക്റ്റിഫിക്കേഷൻ റിപ്പോർട്ടിൽ അറിയിക്കേണ്ടതാണ്.

## 1-17 കെട്ടിടങ്ങളുടെ വാടക - അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള കെട്ടിട മുറികളുടെ വാടക അതതു മാസങ്ങളിൽ കൃത്യമായി അടവാക്കുന്നില്ല. 2018-മാർച്ച് മുതൽ 2019 ഫെബ്രുവരി വരെയുള്ള 12 മാസങ്ങളിൽ, മൂന്നും നാലും മാസങ്ങളിലെ വാടക ഒരുമിച്ചാണ് അടവാക്കുന്നത് ഉദാഹരണം താഴെ ചേർക്കുന്നു.

| സ്ഥാപനം | രശീതി നമ്പർ |
|---|---|
| റേഷൻ ഷോപ്പ് | 11070100031/25.01.2019 (2018 മാർച്ച് മുതൽ 2018 ഡിസംബർ വരെയുള്ള വാടക) |

എന്നാൽ വാടക കൃത്യസമയങ്ങളിൽ അടവാക്കാത്തതിന് പിഴ ഈടാക്കിയതായി കാണുന്നില്ല. ഓരോ മാസങ്ങളിലും വാടക അടവാക്കുന്നതിനുള്ള തിയതിയോ, വൈകി അടവാക്കുന്ന വാടകമേൽ ഈടാക്കുന്ന പിഴയോ ബൈലോ പ്രകാരം നിശ്ചയിച്ചിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 256, 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാകുവാനുള്ള നടപടി ക്രമം) ചട്ടങ്ങൾ എന്നിവ പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥസ്ഥതയിൽ ഉള്ള, വാടകക്ക് നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ വാടക സംബന്ധിച്ച് സർക്കാർ അംഗീകാരമുള്ള ബൈലോ രൂപീകരിക്കേണ്ടതാണ്.

2017-18 വർഷത്തിൽ വാടക ഡി.സി.ബി രജിസ്റ്റർ പ്രകാരം താഴെ പറഞ്ഞിട്ടുള്ള തുകകൾ കുടിശ്ശികയുണ്ട്.

| കുടിശ്ശിക | | ആകെ |
|---|---|---|
| അരിയർ | കറന്റ് | 19710 |
| 12000 | 7710 | |

2018-19 സാമ്പത്തിക വർഷത്തിൽ ആകെ കുടിശ്ശിക പിരിച്ചെടുക്കാനുള്ളത് 19710 രൂപയാണ്. എന്നാൽ 2018-19 ലെ ഡി.സി.ബി രജിസ്റ്റർ പ്രകാരം 7710 രൂപ മാത്രമാണ് കുടിശ്ശികയിനത്തിൽ കാണിച്ചിട്ടുള്ളത്. വാടക കുടിശ്ശികയിനത്തിൽ 12000 രൂപ ഒഴിവാക്കിയതിന് കാരണം അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (നമ്പർ. 4/17.09.2020) ക്ക് മറുപടി ലഭിച്ചിട്ടില്ല.

## 1-18 കർഷക ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട്- തുക കൈപ്പറ്റിയ ഗ്രൂപ്പുകൾ തിരിച്ചടവിൽ വീഴ്ച വരുത്തി- തുടർ നടപടികൾ സ്വീകരിച്ചില്ല.

14-02-2018-ലെ സ.ഉ(എം.എസ്)22/2018/ത.സ്വ.ഭ.വ നമ്പർ സബ്സിഡി മാർഗ്ഗരേഖ, ഖണ്ഡിക 6-4(21) പ്രകാരം യുവസംരംഭകരുടെ കൂട്ടായ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുന്നതിന് റിവോൾവിംഗ് ഫണ്ട് നൽകാവുന്നതാണ്. റിവോൾവിംഗ് ഫണ്ട് രൂപീകരണവും വിനിയോഗവും സംബന്ധിച്ച് സബ്സിഡി മാർഗ്ഗരേഖയിൽ പരാമർശിച്ചിട്ടുള്ള നിബന്ധനകൾ താഴെ കൊടുക്കുന്നു.

1- സംരംഭകത്വ വികസനത്തിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനം നിശ്ചയിക്കുന്ന തുക പ്രോജക്റ്റിലൂടെ റിവോൾവിംഗ് ഫണ്ടിലേക്ക് വകയിരുത്തും. 5 പേരുൾപ്പെടുന്ന ഗ്രൂപ്പിന് ബ്ലോക്ക് പഞ്ചായത്തിന് പരമാവധി 3,00,000 രൂപ വരെ നൽകാവുന്നതാണ്.

2- റിവോൾവിംഗ് ഫണ്ട് എന്നത് ഗുണഭോക്താവിനുള്ള ധനസഹായമല്ല, മറിച്ച് താൽക്കാലികമായ പലിശരഹിത പ്രോത്സാഹനമാണ്.

3- ഇത് പ്രതിമാസ തവണകളായി തിരിച്ചടക്കണം.

4- സഹായം ലഭിച്ച് 3 മാസം കഴിഞ്ഞ് തിരിച്ചടവ് ആരംഭിച്ചാൽ മതിയാകും. ആദ്യത്തെ 9 മാസം ഇ.എം.ഐ കുറഞ്ഞ നിരക്കിൽ നിശ്ചയിച്ച് 4 വർഷത്തിനകം തിരിച്ചടവ് പൂർത്തിയാകുന്ന തരത്തിൽ നിർവ്വഹണോദ്യോഗസ്ഥൻ ക്രമീകരിച്ച് നൽകണം.

5-റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് - തവണ തുക തിരിച്ചടക്കേണ്ടത് ഈ ആവശ്യത്തിനായി നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ ആരംഭിക്കുന്ന റിവോൾവിംഗ് ഫണ്ട് റീക്യൂപ്മെന്റ് ബാങ്ക് അക്കൗണ്ടിലേക്കാണ്.

6- കരാർ വ്യവസ്ഥ പ്രകാരം സംരംഭം പ്രവർത്തിപ്പിച്ച് ഫലം കാണുന്നില്ലെങ്കിൽ അത് കരാർ ലംഘനമായി കണ്ട് തുകയും പലിശയും തിരിച്ചടക്കാൻ ബന്ധപ്പെട്ട നിയമപ്രകാരം നടപടി സ്വീകരിക്കാമെന്ന് സമ്മതിച്ച് കരാറിൽ വ്യവസ്ഥ ചെയ്യണം.

7- റീക്യൂപ്മെന്റ് ഫണ്ടിൽ വരുന്ന തുകയും അടുത്ത വർഷം തദ്ദേശ സ്ഥാപനം വകയിരുത്തുന്ന തുകയും ചേർന്നതായിരിക്കും വരും വർഷത്തെ റിവോൾവിംഗ് ഫണ്ട്.

8- റിവോൾവിംഗ് ഫണ്ട് സംബന്ധിച്ച ഒരു രജിസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കേണ്ടതും ഓരോ സംരംഭകർക്കും ഓരോ ഫോളിയോ നൽകി റിവോൾവിംഗ് ഫണ്ട് തവണ ഇടപാടുകൾ രേഖപ്പെടുത്തേണ്ടതുമാണ്.

9- റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് സംബന്ധിച്ച് ബാങ്ക് സ്ലിപ്പുകളുടെ പകർപ്പുകൾ അതത് സമയം നിർവ്വഹണ ഉദ്യോഗസ്ഥന് നൽകി രജിസ്റ്ററിൽ വരവ് വെക്കണം.

10- റിവോൾവിംഗ് ഫണ്ടിന്റെ പ്രതിമാസ തിരിച്ചടവ് തുകയും തവണകളും മറ്റ് വ്യവസ്ഥകളും ഉൾപ്പെടുത്തി സംരംഭകരും നിർവ്വഹണ ഉദ്യോഗസ്ഥനുമായി ഒന്നിച്ചും പ്രത്യേകമായും കരാർ വെക്കണം.

കർഷക ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട്(പ്രോജക്ട് നമ്പർ-17/19) എന്ന പേരിൽ വികസന ഫണ്ടിൽ നിന്ന് 5,00,000 രൂപ വകയിരുത്തി കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണം നടത്തിയ പ്രോജക്ടിനായി 20-12-2018 -ലെ 5/18-19 നമ്പർ ബിൽ പ്രകാരം 5,00,000 രൂപ പിൻവലിച്ച് വെട്ടം നോർത്ത് കേര കർഷക സൊസൈറ്റി, പുറത്തൂർ കേര കർഷക ഫെഡറേഷൻ ഓഫ് കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി എന്നിങ്ങനെ രണ്ട് ഗ്രൂപ്പുകൾക്ക് 2,50,000 രൂപ വീതം നൽകിയിട്ടുണ്ട്. ഈ പ്രോജക്ടുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1- 12-12-2018 -ന് നിർവ്വഹണ ഉദ്യോഗസ്ഥനും വെട്ടം നോർത്ത് കേര കർഷക സൊസൈറ്റി, പുറത്തൂർ കേര കർഷക ഫെഡറേഷൻ ഓഫ് കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി എന്നിവരുമായി ചമച്ച കരാർ സബ്സിഡി മാർഗ്ഗരേഖയിൽ പരാമർശിച്ച നിബന്ധനകൾക്കനുസൃതമല്ലെന്ന് കാണുന്നു. റിവോൾവിംഗ് ഫണ്ടിന്റെ പ്രതിമാസ തിരിച്ചടവ് തുകയും തവണകളും മറ്റ് വ്യവസ്ഥകളും കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല.

2- റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് - തവണ തുക തിരിച്ചടക്കേണ്ടത് ഈ ആവശ്യത്തിനായി നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ ആരംഭിക്കുന്ന റിവോൾവിംഗ് ഫണ്ട് റീക്കുപ്മെന്റ് ബാങ്ക് അക്കൗണ്ടിലേക്കാണ്. എന്നാൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പേരിൽ പ്രത്യേക അക്കൗണ്ട് തുടങ്ങേണ്ടതില്ലെന്നും ബന്ധപ്പെട്ട കർഷക ഗ്രൂപ്പുകളുടെ അക്കൗണ്ടിലേക്ക് തന്നെ തുക തിരിച്ചടച്ച് ഗ്രൂപ്പിനുള്ളിൽ തന്നെ റിവോൾവ് ചെയ്താൽ മതി എന്നുമാണ് ബ്ലോക്ക് പഞ്ചായത്ത് ഉദ്യോഗസ്ഥർ അറിയിച്ചതെന്നും ഇത് സംബന്ധിച്ച് വ്യക്തത നൽകണമെന്നാവശ്യപ്പെട്ട് കില ഡയറക്ടർക്ക് കത്ത് (നമ്പർ ടി.ഐ.ആർ 42/19-20/17-08-2019)നൽകിയതായി ഫയലിൽ കാണുന്നു. കില ലഭ്യമാക്കിയ 22-08-2019 -ലെ കില-എച്ച്.ഡി /101/2019/31 നമ്പർ മറുപടിയുടെ അടിസ്ഥാനത്തിലാണ് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പേരിൽ ബാങ്ക് ഓഫ് ഇന്ത്യയുടെ തിരൂർ ബ്രാഞ്ചിൽ 850510110012468 നമ്പറായി അക്കൗണ്ട് തുടങ്ങിയത്.സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കാതെ ഇക്കാര്യത്തിൽ അകാരണമായ കാലതാമസമുണ്ടായിട്ടുണ്ട്.

3- തിരിച്ചടവ്, സഹായം ലഭിച്ച് 3 മാസം കഴിഞ്ഞ് ആരംഭിക്കേണ്ടതായിരുന്നുവെങ്കിലും 9 മാസം കഴിഞ്ഞാണ് 2 ഗ്രൂപ്പുകളും 30,000 രൂപ വീതം ആകെ 60,000/- രൂപ തിരിച്ചടവാക്കിയിട്ടുള്ളത്. തവണ തുക അടവാക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ 02-11-2019, 10-02-2020 എന്നീ തീയതികളിൽ യഥാക്രമം ശ്രീ.കെ.മുഹമ്മദ്, പ്രസിഡന്റ്, വെട്ടം നോർത്ത് കേര കർഷക സൊസൈറ്റി, ശ്രീ.സി.കെ.ജയകേസരി, സെക്രട്ടറി, പുറത്തൂർ കേര കർഷക ഫെഡറേഷൻ ഓഫ് കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി എന്നിവരുടെ പേരിൽ രജിസ്റ്റേർഡ് നോട്ടീസ് അയച്ചെങ്കിലും നാളിത് വരെ തുക അടവാക്കിയിട്ടില്ല. തുക തിരിച്ച് പിടിക്കാൻ യാതൊരു നടപടിയും സ്വീകരിച്ചതായി ഫയലിൽ ഇല്ല.

4- സംരംഭകർ പ്രത്യേകം ചമച്ച കരാർ, നിർവ്വഹണോദ്യോഗസ്ഥൻ സൂക്ഷിക്കേണ്ട രജിസ്റ്റർ, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് 16-09-2020 -ന് നൽകിയ 2 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 22-09-2020 -ന് ലഭ്യമാക്കിയ മറുപടി ചുവടെ കൊടുക്കുന്നു.

1- പ്രസ്തുത പ്രോജക്ട് നിർവ്വഹണം നടത്തിയത് ശ്രീ.അബ്ദുറസാക്ക് എന്ന കൃഷി അസിസ്റ്റന്റ് ഡയറക്ടറാണ്. ഓഡിറ്റ് എൻക്വയറിയുടെ പകർപ്പ് ടിയാന് അയച്ച് കൊടുത്തിട്ടുണ്ട്. ആയതിന് മറുപടി ലഭ്യമാകുന്ന മുറക്ക് സമർപ്പിക്കുന്നതാണ്.

2- സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശമനുസരിച്ച് തവണ തുക തിരിച്ചടക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ അക്കൗണ്ട് തുടങ്ങാൻ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരത്തിനായി 06-07-2019 -ന് ടി.ഐ.ആർ 42/19-20 നമ്പറായി കത്ത് നൽകിയെങ്കിലും അങ്ങനെ ഒരു അക്കൗണ്ട് തുടങ്ങേണ്ടതില്ലെന്ന് ബ്ലോക്ക് പഞ്ചായത്ത് ഉദ്യോഗസ്ഥർ വാക്കാൽ അറിയിക്കുകയുണ്ടായി. തുടർന്ന് ഇക്കാര്യത്തിൽ വ്യക്തത നൽകണമെന്നാവശ്യപ്പെട്ട് കില ഡയറക്ടർക്ക് കത്ത് (നമ്പർ ടി.ഐ.ആർ 42/19-20/17-08-2019)നൽകുകയുണ്ടായി. കില ഡയറക്ടറുടെ 22-08-19 -ലെ മറുപടി പരിഗണിച്ച് 30-08-2019 -നാണ് ഭരണസമിതി ബാങ്ക് ഓഫ് ഇന്ത്യയിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പേരിൽ അക്കൗണ്ട് തുടങ്ങാൻ തീരുമാനമെടുത്തത് (തീരുമാന നമ്പർ - 8(1)). തുടർന്ന് 06-09-2019- ന് തന്നെ ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കുന്നതിൽ മേൽ സാഹചര്യങ്ങൾ മൂലമാണ് കാലതാമസം ഉണ്ടായിട്ടുള്ളത്.

3- 12/2018 -ൽ ബില്ല് മാറിയെങ്കിലും മാർച്ച് അവസാനമാണ് നിലവിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടറായ ഞാൻ ചുമതലയേൽക്കുന്നത്. ഈ പ്രോജക്ട് പരിശോധിച്ചപ്പോൾ തിരിച്ചടവ് സംബന്ധിച്ച യാതൊരു വിവരവും കരാറിൽ

ഉൾപ്പെടുത്തിയില്ല എന്ന് മനസ്സിലാക്കുകയും തുടർന്ന് 7/2019 -ൽ രണ്ട് ഗ്രൂപ്പുകളേയും വിളിച്ച് വരുത്തി ചർച്ച നടത്തി തിരിച്ചടവിനുള്ള തവണ വ്യവസ്ഥകൾ തീരുമാനിക്കുകയും ചെയ്തു. തുടർച്ചയായി നേരിട്ടും, ഫോൺ മുഖേനയും, രേഖാമൂലമുള്ള അറിയിപ്പുകളുടേയും ഫലമായിട്ടാണ് 3-09-2019- ന് രണ്ട് ഗ്രൂപ്പുകളും 30,000 രൂപ വീതം തിരിച്ചടവാക്കിയിട്ടുള്ളത്. തുടർ തിരിച്ചടവിൽ വീഴ്ച വരുത്തിയതിനാൽ തുക പലിശ സഹിതം തിരിച്ചുപിടിക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നതാണെന്നും അങ്ങനെ നടപടി സ്വീകരിക്കാതിരിക്കാൻ എന്തെങ്കിലും കാരണം ബോധിപ്പിക്കാനുണ്ടെങ്കിൽ 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണെന്നും അറിയിച്ച് കൊണ്ട് കാരണം കാണിക്കൽ നോട്ടീസ് 17-09-2020-ന് രണ്ട് ഗ്രൂപ്പുകൾക്കും നൽകിയിട്ടുണ്ട്. മേൽ കത്തിന് ഗുണഭോക്താക്കളുടെ മറുപടി ലഭിച്ചതിന് ശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്നുമാണ് മറുപടി ലഭ്യമാക്കിയത്.

മേൽ മറുപടി പരിശോധിച്ചതിൽ നിന്നും കർഷക ഗ്രൂപ്പുമായി വെച്ച കരാറിൽ തിരിച്ചടവ് സംബന്ധിച്ച നിബന്ധനകൾ ഉൾപ്പെടുത്താത്തത് നിർവ്വഹണോദ്യോഗസ്ഥന്റെ ഭാഗത്തുണ്ടായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. 12/2018 -ൽ തുക കൈമാറിയെങ്കിലും തന്റെ പേരിൽ അക്കൗണ്ട് തുടങ്ങാൻ നിർവ്വഹണോദ്യോഗസ്ഥൻ ഭരണസമിതിയോട് ആവശ്യപ്പെടുന്നത് 06-07-2019 -നാണ്. ഇക്കാര്യത്തിലും അകാരണമായ കാലതാമസം ഉണ്ടായിട്ടുണ്ട്. ഇപ്രകാരം അക്കൗണ്ട് തുടങ്ങുന്നതിന് വിമുഖത കാണിച്ചത് ഭരണസമിതിയുടെ വീഴ്ചയാണ്. റിവോൾവിംഗ് ഫണ്ട് കൈമാറലിനായി 2019-20 – ലും പ്രോജക്റ്റ് വെക്കുകയും തുക കൈമാറുകയും ചെയ്തിട്ടുണ്ടെന്നാണ് അറിയാൻ സാധിച്ചിട്ടുള്ളത്. 2018-19 -ൽ നടപ്പാക്കിയ പ്രോജക്റ്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിക്കാതെ 2019-20 -ലും ഇതേ പ്രോജക്റ്റ് നടപ്പാക്കിയത് ഉചിതമായില്ല.

റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് കാര്യത്തിൽ വീഴ്ച വരുത്തുന്ന കർഷക ഗ്രൂപ്പുകളുടെ നടപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ മേൽ ഗുണഭോക്താക്കൾക്ക് മറുപടി നൽകാനുള്ള സമയം കഴിഞ്ഞാലുടൻ തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. ആയത് വരെ, ഇനിയും തിരിച്ചടവാക്കാനവശേഷിക്കുന്ന 4,40,000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-19 സ്ഥിരം ഡ്രൈവറുള്ള ഔദ്യോഗിക വാഹനത്തിന് ദിവസ വേതനക്കാരെ വെക്കുന്നു.

ധനകാര്യ (ഇൻസ്പെക്ഷൻ- എൻ.ടി-എഫ്)വകുപ്പിന്റെ 24-02-2003 -ലെ സ.ഉ (എം.എസ്) നമ്പർ 113/2003/ഫിൻ നമ്പർ ഉത്തരവിൽ സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിനായുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 16 -ലെ പ്രസക്ത ഭാഗങ്ങൾ താഴെ കൊടുക്കുന്നു.

ഒരു സർക്കാർ വാഹനം അതിനായി നിയോഗിച്ച ഉദ്യോഗസ്ഥൻ മാത്രമേ ഓടിക്കാവൂ. താഴെ കൊടുത്തിരിക്കുന്ന കേസുകളിലും സന്ദർഭങ്ങളിലുമൊഴികെ മറ്റൊരാളും പ്രസ്തുത വാഹനം ഓടിക്കാൻ പാടുള്ളതല്ല.

1- വാഹനത്തിന്റെ അറ്റകുറ്റപ്പണി, സർവ്വീസ്, പരിശോധന എന്നിവക്ക് ചുമതലപ്പെടുത്തിയ വ്യക്തികൾക്ക് ഓടിക്കാം.

2- ഏതെങ്കിലും ഒരടിയന്തിര സാഹചര്യത്തിൽ വാഹനത്തിന്റെ ഡ്രൈവറെ ലഭ്യമാകാതെ വരുകയോ അസുഖം കാരണം ഡ്രൈവർക്ക് വാഹനം ഓടിക്കാൻ കഴിയാതെ വരുകയോ അല്ലെങ്കിൽ മറ്റേതെങ്കിലും കാരണങ്ങൾ കൊണ്ട് കൺട്രോളിംഗ് ഓഫീസർക്ക് വാഹനം മാനേജ് ചെയ്യാൻ കഴിയാതെ വരുകയോ ചെയ്താൽ വാഹനത്തിൽ സഞ്ചരിക്കുന്ന ഉദ്യോഗസ്ഥന് പ്രസ്തുത വാഹനം ഓടിക്കുന്നതിന് വാലിഡായ ലൈസൻസ് ഉണ്ടെങ്കിൽ ഓടിക്കാവുന്നതും അല്ലെങ്കിൽ പ്രസ്തുത സാഹചര്യം മറികടക്കുന്നതിന് താൽക്കാലിക ഡ്രൈവറെ നിയോഗിക്കുകയോ ചെയ്യാവുന്നതാണ്.

3-മുകളിൽ പരാമർശിച്ച പ്രകാരമുള്ള ഏതെങ്കിലും ഒരു അടിയന്തിര സാഹചര്യത്തിൽ വാഹനത്തിന്റെ ഡ്രൈവർ അല്ലാതെ മറ്റാരെങ്കിലും വാഹനം ഓടിച്ചാൽ, വസ്തുതകളും തുടർന്ന് സ്വീകരിച്ച നടപടികളും ലോഗ്ബുക്കിൽ എഴുതിച്ചേർക്കേണ്ടതാണ്.

സെക്രട്ടറിയുടെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനമായ KL 10 R 392 നമ്പർ ജീപ്പിന്റെ ഡ്രൈവർ ആകസ്മിക അവധിയിൽ പോകുന്ന ദിവസങ്ങളിലെല്ലാം തന്നെ മറ്റ് താൽക്കാലിക ഡ്രൈവർമാർ വണ്ടി ഓടിക്കുന്നതായും അവർക്ക് ദിവസ വേതനം നൽകുന്നതായും ശ്രദ്ധയിൽ പെട്ടു. എന്നാൽ ഇപ്രകാരം താൽക്കാലിക ഡ്രൈവർമാരെ നിയോഗിക്കേണ്ട അടിയന്തിര സാഹചര്യത്തെക്കുറിച്ച് ലോഗ്ബുക്കിൽ യാതൊരു രേഖപ്പെടുത്തലും നടത്തുന്നില്ല. ഇത്തരം നടപടികൾ കൺട്രോളിംഗ് ഓഫീസറുടെയോ, ഭരണസമിതിയുടെയോ അറിവോടെയാണോ എന്ന വിവരവും ഫയലിൽ ലഭ്യമല്ല.

ഇങ്ങനെ ഓടിക്കുന്ന വ്യക്തികൾക്ക് സാധുവായ ലൈസൻസ് ഉണ്ടോ എന്നതിന് യാതൊരു തെളിവും വൗച്ചറിലില്ല.

ഉദാഹരണത്തിന്, 13-07-18 -ലെ 2535759 നമ്പർ സെൽഫ് ചെക്ക് പ്രകാരം തനത് ഫണ്ടിൽ നിന്ന് പിൻവലിച്ച തുകയിൽ നിന്നും 1370 രൂപ 30-06-2018, 30-07-2018 എന്നീ തീയതികളിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനം ഓടിച്ചതിന് ദിവസവേതനമായി (685 * 2=1370) ശ്രീ.അൻവർ.എ എന്നയാൾക്ക് നൽകാനാണെന്ന് കാണുന്നു. വൗച്ചറിൽ പ്രസ്തുത തീയതിയിൽ വാഹനം ഓടിച്ചതിന് ദിവസവേതനം അനുവദിച്ച് തരണമെന്ന് കാണിച്ച് ശ്രീ. അൻവർ എന്നയാൾ നൽകിയ അപേക്ഷ മാത്രമാണുള്ളത്. അപേക്ഷയിൽ മേൽവിലാസം രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ടിയാന്റെ തിരിച്ചറിയൽ രേഖ, ഡ്രൈവിംഗ് ലൈസൻസ്, ബാങ്ക് അക്കൗണ്ട് നമ്പർ കാണിക്കുന്ന പാസ്ബുക്ക് എന്നിവയുടെ പകർപ്പുകളും വൗച്ചറിലില്ല. തുകയുടെ കൈപ്പറ്റ് രസീതും ലഭ്യമല്ല.

അപാകതക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് 22-09-2020 -ന് നൽകിയ 17 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വാഹനത്തിന്റെ സ്ഥിരം ഡ്രൈവർ അവധിയിൽ പോകുന്ന ദിവസങ്ങളിലെല്ലാം താൽക്കാലികക്കാരെ വെച്ച് വാഹനം ഓടിക്കേണ്ടതിന്റെ അടിയന്തിര സാഹചര്യം പുനഃ പരിശോധിക്കേണ്ടതും അപാകതക്ക് വിശദീകരണം നൽകേണ്ടതുമാണ്. മതിയായ രേഖകൾ ഹാജരാക്കാതെ ദിവസവേതനമായി 1370 രൂപ നൽകിയത് തടസ്സത്തിൽ വെക്കുന്നു.

## 1-20 ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ വാഹന റിപ്പയർ -നടപടി ക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല

30-06-2007 -ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 170/07 പ്രകാരം 10,000 രൂപക്ക് മേൽ ചെലവ് വരുന്ന വാഹനങ്ങളുടെ അറ്റകുറ്റ പണിയുമായി ബന്ധപ്പെട്ട എല്ലാ സംഗതികളിലും ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിന്റെ കമ്മറ്റിയുടെ/കൗൺസിലിന്റെ അംഗീകാരത്തിന് വിധേയമായി മത്സര സ്വഭാവമുള്ള ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ മാത്രമാണ് അറ്റകുറ്റ പണി ചെയ്യിക്കേണ്ടത്.

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ KL 55K 6998 നമ്പർ Etios കാർ 29-05-2018 -ന് മലപ്പുറത്ത് വെച്ച് അപകടത്തിൽ പെടുകയും ഭരണസമിതിയുടെ 17-07-18 -ലെ 3(1) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അറ്റകുറ്റ പണികൾ നടത്തിയതിന് വി.പി.കെ മോട്ടോർസ് എന്ന സ്ഥാപനത്തിന്, സെക്രട്ടറിയുടെ 26-07-18 -ലെ 2535768 നമ്പർ ചെക്ക് പ്രകാരം 1,29,828 രൂപ തനത് ഫണ്ടിൽ നിന്ന് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ മേൽ സ്ഥാപനത്തിനെ ക്വട്ടേഷന്റെ അടിസ്ഥാനത്തിലാണോ പ്രസ്തുത പ്രവൃത്തി ഏൽപ്പിച്ചിരുന്നതെന്ന് ഓഡിറ്റിനായി ഹാജരാക്കിയ ഫയലിൽ നിന്നും വ്യക്തമല്ല.

മാത്രമല്ല, സെക്രട്ടറിയുടെ 25-07-2018 -ലെ ഡി-1/1105/2018 നമ്പർ നടപടിക്രമത്തിൽ ഇൻഷൂറൻസ് ക്ലയിം ആയി ലഭിക്കുന്ന തുക ജനറൽ പർപ്പസ് ഗ്രാന്റിലേക്ക് തിരിച്ചടവാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഇൻഷൂറൻസ് തുക ലഭിച്ചിട്ടുണ്ടോ എന്ന വിവരവും ഫയലിലില്ല.

ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് 22-09-2020 -ന് നൽകിയ 16-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. 1,29,828 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-21 ഭിന്നശേഷി സ്കോളർഷിപ്പ്- ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകിയത് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

വികസന ഫണ്ടിൽ നിന്നും 14,49,640 രൂപ വകയിരുത്തി സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നമ്പർ 27/19, ഭിന്നശേഷി സ്കോളർഷിപ്പ് - ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം എന്ന പ്രോജക്റ്റിനായി വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് താഴെ പറയും പ്രകാരം വിഹിതം നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്തിന്റെ പേര് | ബിൽ നമ്പർ/ തീയതി | നൽകിയ തുക |
|---|---|---|---|
| 1 | മംഗലം | 13/18-19/26-06-18 | 2,09,928 |
| 2 | പുറത്തൂർ | 26/18-1/24-07-18<br>45/18-19/23-11-18 | 2,09,928<br>1,69,856 |

| | | | |
|---|---|---|---|
| 3 | തിരുനാവായ | 30/18-1/09-08-18 | 4,00,000 |
| 4 | തൃപ്രങ്ങോട് | 45/18-19/23-11-18 | 2,50,000 |
| 5 | തലക്കാട് | 30/18-1/09-08-18 | 2,09,928 |
| ആകെ | | | 14,49,640 |

മേൽ പട്ടികയിലെ തലക്കാട്, പുറത്തൂർ ഗ്രാമപഞ്ചായത്തുകൾ മാത്രമാണ് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുള്ളത്. അവശേഷിക്കുന്ന ഗ്രാമപഞ്ചായത്തുകളുടെ തുക വിനിയോഗ സാക്ഷ്യപത്രം കൂടി പരിശോധനക്കായി ഹാജരാക്കാനാവശ്യപ്പെട്ട് 18-09-2020 -ന് നൽകിയ 9 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനവശേഷിക്കുന്ന 8,59,928 (1449640-589712) രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. അപാകത പരിഹരിക്കേണ്ടതാണ്.

## 1-22 ബ്ലോക്ക് ഓഫീസിലേക്ക് കമ്പ്യൂട്ടർ/പ്രിന്റർ വാങ്ങൽ - സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചില്ല

18-11-2017-ലെ സ.ഉ(എം.എസ്)24/2017/ഐ.ടി.ഡി നമ്പർ ഉത്തരവിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ (cprcs.kerala.gov.in) മുഖേന മാത്രം വാങ്ങേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതും ഇതിനായി സ്റ്റോർ പർച്ചേസ് മാനുവലിൽ 7.52 എന്ന ഖണ്ഡിക കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുള്ളതുമാണ്. 01-02-2018 -ലെ സ.ഉ(ആർ.ടി)25/2018/ഐ.ടി.ഡി നമ്പർ ഉത്തരവിൽ ഐ.ടി വകുപ്പ് ഇതുമായി ബന്ധപ്പെട്ട തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

2018-19 -ൽ മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)-ൽ നിന്നും 1,50,000 രൂപ വകയിരുത്തി സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നമ്പർ 34/19, ബ്ലോക്ക് ഓഫീസിന് കമ്പ്യൂട്ടർ/പ്രിന്റർ എന്ന പ്രോജക്റ്റിനായി 29-06-2018 -ലെ 17/18-19 നമ്പർ ബിൽ പ്രകാരം 1,41,321 രൂപ ചെലവഴിച്ച് 2 കമ്പ്യൂട്ടർ, 4 പ്രിന്റർ, 1സ്കാനർ എന്നിവ വാങ്ങിയിട്ടുണ്ട്. മേൽ ഉത്തരവ് പാലിക്കാതെ ഇതിനായി ടെണ്ടർ വിളിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ M/s.കാന്റിഡ് സിസ്റ്റംസ് & ടെക്നോളജീസ് എന്ന സ്ഥാപനത്തിന്റെ 25-06-18 -ലെ CST- 97 നമ്പർ ഇൻവോയ്സ് പ്രകാരമാണ് ഇവ വാങ്ങിയിട്ടുള്ളതെന്ന് കാണുന്നു.

സർക്കാർ നിർദ്ദേശം പാലിക്കാതെ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ടെണ്ടർ മുഖേന വാങ്ങിയതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് 18-09-2020 -ന് നൽകിയ 6 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 1,41,321 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-23 പാലിയേറ്റീവ് പരിരക്ഷ- ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകിയത് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

വികസന ഫണ്ടിൽ നിന്നും 6,00,000 രൂപ വകയിരുത്തി സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നമ്പർ 28/19, പാലിയേറ്റീവ് പരിരക്ഷ- ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം എന്ന പ്രോജക്റ്റിനായി വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് താഴെ പറയും പ്രകാരം വിഹിതം നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്തിന്റെ പേര് | ബിൽ നമ്പർ/തീയതി | നൽകിയ തുക |
|---|---|---|---|
| 1 | മംഗലം | 14/18-19/26-06-18 | 1,00,000 |
| 2 | പുറത്തൂർ | 27/18-19/24-07-18 | 1,00,000 |
| 3 | തിരുനാവായ | 31/18-19/09-08-18<br>46/18-19/23-11-18 | 1,00,000<br>1,00,000 |
| 4 | തൃപ്രങ്ങോട് | 31/18-19/09-08-18 | 1,00,000 |
| 5 | തലക്കാട് | 31/18-19/09-08-18 | 1,00,000 |
| ആകെ | | | 6,00,000 |

മേൽ പട്ടികയിലെ തലക്കാട് ഗ്രാമപഞ്ചായത്ത് മാത്രമാണ് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുള്ളത്. അവശേഷിക്കുന്ന ഗ്രാമപഞ്ചായത്തുകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ഹാജരാക്കാനാവശ്യപ്പെട്ട് 18-09-2020 -ന് നൽകിയ 7 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത 4 ഗ്രാമപഞ്ചായത്തുകൾക്കായി നൽകിയ 5,00,000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

### 1-24 പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ നിർവ്വഹണം നടത്തിയ ബാപ്പു മുസ്ല്യാർ റോഡ് പുനരുദ്ധാരണം, വെട്ടം സി.എച്ച്.സി ഷീ സെന്റർ കെട്ടിട നിർമ്മാണം, സ്റ്റാർട്ട് അപ്പ് വില്ലേജ് കെട്ടിട നിർമ്മാണം എന്നീ പ്രോജക്ടുകളിൽ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തതിന് കരാറുകാരിൽ നിന്നും നിയമാനുസൃതമായ പിഴ ഈടാക്കാതെയാണ് തുക നൽകിയിട്ടുള്ളത്. ഈയിനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ആകെ 52,675/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദമായി ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്.

<u>ഭാഗം – 2</u>

<u>വരവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

ഇല്ല

## <u>ഭാഗം -2</u>

## <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## <u>ഭാഗം -3</u>

## <u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

<u>[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]</u>

### 3-1 പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല

താഴെ പറയുന്ന പ്രവൃത്തികൾ നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല. നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്ന് കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2112 നിർദ്ദേശിക്കും പ്രകാരമുള്ള പിഴ ഈടാക്കാതെയാണ് തുക നൽകിയിട്ടുള്ളത്.

കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള അപേക്ഷ ഫയലിൽ ഇല്ല. അത് കൊണ്ട് തന്നെ കരാറുകാരന്റെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയതെന്ന് വ്യക്തമാണ്. കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ കരാറുകാരൻ നിർവഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം.

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.08.2018 ലെ എ.സി. 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം, പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് 1% നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും 2% നിരക്കിലും ഈടാക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. കരാർ നിബന്ധന (7) ലും ഇപ്രകാരം പിഴ ഈടാക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:-

പ്രോജക്ട് നം. 76/19 – ബാപ്പു മുസ്ല്യാർ റോഡ് പുനരുദ്ധാരണം
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

കരാറുകാരൻ : ശ്രീ. അലിക്കുട്ടി. എം

കരാർ തുക : 477811.84

കരാർ നം. AE/24/2017-18 തി : 05.01.2018

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി : 04.07.2018

പ്രവൃത്തി ആരംഭിച്ച തിയതി : 06.01.2018

പ്രവൃത്തി പൂർത്തീകരിച്ച തിയതി : 28.02.2019

ആകെ പ്രവൃത്തി മൂല്യം : 477812

ഒന്നാം പാർട്ട് ബിൽ : 319891 (ട്രഷറി ബിൽ നം. 120/27.03.18)

ആകെ പ്രവൃത്തി മൂല്യം – 319891
(-) ആദായ നികുതി 1% – 3199
നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം 1% – 3199
റീടെൻഷൻ 10% – 31989
ബാക്കി കരാറുകാരന് കൊടുത്തത് – 281504

ഫൈനൽ ബിൽ : 157921 (ട്രഷറി ബിൽ നം. 27/26.03.19)

ആകെ പ്രവൃത്തി മൂല്യം – 157921
(-) ആദായ നികുതി 1% – 1580
നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം 1% – 1580
ബാക്കി കരാറുകാരന് കൊടുത്തത് – 154761

പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നാണ് തുക ചെലവഴിച്ചത്.

ഈടാക്കേണ്ട പിഴ

05.07.18 – 04.10.18 : 477812 x 1% = 4778

05.10.18 – 04.01.19 : 477812 x 2% = 9556

05.01.19 – 28.02.19 : 477812 x 2% = 5840

(55 ദിവസം)

ആകെ : 20174 രൂപ
ഓഡിറ്റ് എൻക്വയറി നമ്പർ 1/16-09-20

2) പ്രോജക്ട് നം. 87/19 – വെട്ടം സി.എച്ച്.സി ഷീ സെന്റർ കെട്ടിട നിർമ്മാണം
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

കരാറുകാരൻ : ശ്രീ. പി. റഷീദ്

കരാർ തുക : 1598375.43

കരാർ നം. AEE/03/2017-18 തി : 27.12.2017

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി : 30.10.2018

പ്രവൃത്തി ആരംഭിച്ച തിയതി : 29.12.2017

പ്രവൃത്തി പൂർത്തീകരിച്ച തിയതി : 22.01.2019

ആകെ പ്രവൃത്തി മൂല്യം : 1595972

ഒന്നാം പാർട്ട് ബിൽ : 453254 (ട്രഷറി ബിൽ തിയതി :25.03.18)
ആകെ പ്രവൃത്തി മൂല്യം – 453254
(-) ആദായ നികുതി 1% – 4533
നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം 1% – 4533
റീടെൻഷൻ 10% – 45325
ബാക്കി കരാറുകാരന് കൊടുത്തത് – 398863
ഫൈനൽ ബിൽ : 1142718 (ട്രഷറി ബിൽ നം. 19/19.03.19)

ആകെ പ്രവൃത്തി മൂല്യം – 1142718
(-) ആദായ നികുതി 1% – 11427
നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം 1% – 11427
CGST 1% – 11428
SGST 1% – 11428
ബാക്കി കരാറുകാരന് കൊടുത്തത് – 1097008

പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നാണ് തുക ചെലവഴിച്ചത്.

ഈടാക്കേണ്ട പിഴ

31.10.18 – 22.01.19 : @ 1% = 15984/90 x 84 = 14918 രൂപ

(84ദിവസം)
ഓഡിറ്റ് എൻക്വയറി നം. 3/17-09-20

3) പ്രോജക്ട് നം. SO 068/19സ്റ്റാർട്ട് അപ്പ് വില്ലേജ് കെട്ടിട നിർമ്മാണം
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

കരാറുകാരൻ : ശ്രീ. പി. റഷീദ്

കരാർ തുക : 1648361.62

കരാർ നം. AEE/02/2017-18 തി : 27.12.2017

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി : 26.06.2018

പ്രവൃത്തി ആരംഭിച്ച തിയതി : 03.01.2018

പ്രവൃത്തി പൂർത്തീകരിച്ച തിയതി : 29.09.2018

ആകെ പ്രവൃത്തി മൂല്യം : 1648361

ഒന്നാം പാർട്ട് ബിൽ : 747908 (ട്രഷറി ബിൽ നം. 90/16.03.18)

ആകെ പ്രവൃത്തി മൂല്യം – 747908
(-) ആദായ നികുതി 1% – 7479
നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം 1% – 7479
ബാക്കി കരാറുകാരന് കൊടുത്തത് – 732950

ഫൈനൽ ബിൽ : 900453 (ട്രഷറി ബിൽ നം. 15/25.10.18)

ആകെ പ്രവൃത്തി മൂല്യം – 900453
(-) ആദായ നികുതി 1% – 9005
നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം 1% – 9005
ബാക്കി കരാറുകാരന് കൊടുത്തത് – 882443

പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നാണ് തുക ചെലവഴിച്ചത്.

ഈടാക്കേണ്ട പിഴ

27.06.18 – 26.09.18 : 1648361.62 x 1% = 16484

27.09.18 – 29.09.18 : 32967/90 x 3 = 1099

(3ദിവസം)

ആകെ : 17583 രൂപ
ഓഡിറ്റ് എൻക്വയറി നം. 10/18-09-20

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും കരാറുകാരിൽ നിന്ന് പിഴയിനത്തിൽ ആകെ 52,675 രൂപ (20174 + 14918 + 17583) ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. പിഴ ഒടുക്കുന്നതിന് കരാറുകാരന് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും അടവാക്കി രസീത് ഹാജരാക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറികൾക്ക് മറുപടി നൽകി. കരാറുകാർ തുക ഒടുക്കാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 16-08-19 മുതൽ 17.08.2019 | കെ.എസ്.എ.എം.പി.എം.4/1067/2019 തി. 24.08.2019 |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

കുറിപ്പ്: AFS പ്രകാരം സംയുക്ത പദ്ധതികൾക്കായി ഗ്രാമ പഞ്ചായത്ത് വിഹിതം 6213000 രൂപയും, ജില്ലാ പഞ്ചായത്ത് വിഹിതം 14740720 രൂപയും ലഭ്യമായിട്ടുണ്ട്. എന്നാൽ ചെലവഴിച്ച തുകയുടെ വിവരങ്ങളും, പദ്ധതി വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ,ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കേരള വാട്ടർ | പൈപ്പ് ലൈൻ നീട്ടൽ (ബ്ലോക്ക് | 18150563021200638682 തിയ്യതി:12.10.2018 | 1000000 | 0 | ഇല്ല | 1050000 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| അതോറിറ്റി | ഡിവിഷൻ-5,6) | 18150563021200971341<br>തിയ്യതി:20.12.2018 | 50000 | | | |

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-5 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 33 | 1999-2000 | | യൂണിഫോം തുണി നൽകൽ അപാകതകൾ 152122/- രൂപ | നിയമസഭ സമിതിയുടെ പരിഗണനയിൽ |
| 2005-06 | 2-6 | 2008-09 | | ടൂറിസ്റ്റ് കേന്ദ്രത്തിലേക്ക് ബോട്ടുകൾ വാങ്ങിയത്- ഉപയോഗ ശൂന്യം | പരാമർശം നിലനിൽക്കുന്നു. |
| 2005-06 | 2-7 | 2008-09 | | എസ്.എച്ച്. ജില്ലകൾക്ക് ധനസഹായം നൽകിയത്- ദുരുപയോഗം | പരാമർശം നിലനിൽക്കുന്നു. |

4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 120665808 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 107177647 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 52675 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3802398 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 20174 | ശ്രീമതി. സിനു. എൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | |

| | | |
|---|---|---|
| | 32501 | ശ്രീമതി. സജിത.എ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 4,72,800 | ശ്രീമതി.രമ. ഒ.പി, സിഡിപിഒ |
| 1-13 | 412151 | ഡോ.അബ്ദുൾ ജലീൽ വി, മെഡിക്കൽ ഓഫീസർ സി.എച്ച്.സി |
| 1-14 | 5,10,000 | ശ്രീ. മനോജ് കുമാർ, എസ്.സി.ഡി.ഒ |
| 1-15 | 335000 | ശ്രീ. മനോജ് കുമാർ, എസ്.സി.ഡി.ഒ |
| 1-18 | 4,40,000 | ശ്രീ. അബ്ദുൾ റസാക്ക്, എ.ഡി.എ |
| 1-19 | 1370 | ശ്രീമതി. ആതിര, സെക്രട്ടറി |
| 1-20 | 1,29,828 | ശ്രീമതി. ആതിര, സെക്രട്ടറി |
| 1-21 | 8,59,928 | ശ്രീമതി. ആതിര, സെക്രട്ടറി |
| 1-22 | 1,41,321 | ശ്രീമതി. ആതിര, സെക്രട്ടറി |
| 1-23 | 5,00,000 | ശ്രീമതി. ആതിര, സെക്രട്ടറി |
| ആകെ | 3802398 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. സിനു. എൻ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ എൽ.എസ്.ജി.ഡി സബ്ഡിവിഷൻ, തിരൂർ | പതിയംപറമ്പിൽ ഹൗസ്, പുറത്തൂർ (പി.ഒ), മലപ്പുറം |
| ശ്രീമതി. സജിത.എ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എൽ.എസ്.ജി.ഡി സബ്ഡിവിഷൻ, തിരൂർ | ഫിർദൗസ്, സി.ടി. ജങ്ഷൻ, കാരിക്കോട് (പി.ഒ), കൊല്ലം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2004-05 | എൽ.എഫ്.എം. 4/3373(7)/14 തിയ്യതി 20-07-2015 | 15 |
| 05-06 | എൽ.എഫ്.എം. 4/3373(8)/14 തിയ്യതി 20-07-2015 | 6 |
| 06-07 | എൽ.എഫ്.എം. 4/3373(9)/14 തിയ്യതി 20-07-2015 | 3 |
| 07-08 | എൽ.എഫ്.എം. 4/3373(10)/14 തിയ്യതി 20-07-2015 | 15 |
| 08-09 | എൽ.എഫ്.എം. 4/3373(11)/14 തിയ്യതി 20-07-2015 | 7 |
| 09-10 | എൽ.എഫ്.എം. 4/3373(12)/14 തിയ്യതി 20-07-2015 | 6 |
| 10-11 | എൽ.എഫ്.എം. 4/3373(13)/14 തിയ്യതി 20-07-2015 | 9 |
| 11-12,12-13 | എൽ.എഫ്.എം. 4/3373(14)/14 തിയ്യതി 20-07-2015 | 10 |
| 13-14 | എൽ. എഫ്. എം.4/2487/ 2014 തിയ്യതിഃ 28.10.2014 | 9 |
| 14-15 | നം.കെ.എസ്.എ.എം.പി.എം.4/2532/15 തിയ്യതിഃ17-11-2015 | 12 |
| 15-16 | നം.കെ.എസ്.എ.എം.പി.എം.(4)/ | 25 |
| 16-17 | നം.കെ.എസ്.എ.എം.പി.എം.(4)/2533/2017/ 5.12.2017 | 9 |
| 17-18 | നം.കെ.എസ്.എ.എം.പി.എം(4)/556/19 10.04.2019 | 8 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് ഓഫീസ് മലപ്പുറം

## <u>അനുബന്ധം-1</u>

## <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

കെ.എസ്.എ.എം.പി.എം.4/1067/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
പിൻ- 676 505 ഫോൺ- 0483-2734951
ഇ-മെയിൽ- dompm.ksad@kerala.gov.i

തീയ്യതി 24.08.2019

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4 ാം-വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215- ാം വകുപ്പ്, അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വർഷത്തെ 31.3.2019 ൽ അവസാനിച്ച വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വാർഷിക ധനകാര്യ പത്രികയുടെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്